പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും വനിതകൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കും മുൻഗണന നൽകി നടപ്പാക്കിവരുന്നു.

(ബി) അനുബന്ധം ഒന്നിൽ †-ൽ ചേർത്തിട്ടുണ്ട്.

(സി) 629 പുതിയ പാലങ്ങൾ നിർമ്മിച്ചിട്ടുണ്ട്. 43 ചെറുകിട വൈദ്യുതി പ്രോജക്ടുകൾ തുടങ്ങിയിട്ടുണ്ട്.

(ഡി) ഇത്തരം പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നിർദ്ദേശം നൽകുന്നതിനും ആവശ്യമായ സാമ്പത്തിക ഉപദേശവും പ്രോൽസാഹനങ്ങളും നൽകുന്നുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നേട്ടങ്ങൾ പങ്കാളിത്ത പഠനപരമ്പരയിൽ ഉൾപ്പെടുത്തി മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവ മനസ്സിലാക്കുന്നതിന് സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്.

(ഇ) ആ രീതിയിൽ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല.

(എഫ്) സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാനങ്ങളുടെ പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകളും ആക്ഷേപങ്ങളുംപരിശോധിക്കുന്നതിന് സംസ്ഥാന തലത്തിൽ ഓംബുഡ്സ്മാനും ജില്ലാതലത്തിൽ അപ്പലേറ്റ് ട്രിബ്യൂണലുകളും ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ നിയമ വ്യവസ്ഥപ്രകാരം ഓഡിറ്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുമുള്ള നടപടിയും എടുത്തു വരുന്നു. മാതൃകാപരമായ പ്രവർത്തനങ്ങൾ പങ്കാളിത്ത പഠന പരമ്പരയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി മനസ്സിലാക്കുന്നതിന് അവസരം ഉണ്ടാക്കുന്നുണ്ട്.

103 (683) ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99, 1999-2000 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി എത്ര രൂപ വീതം നൽകിയെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) 1998-99 സാമ്പത്തികവർഷം പഞ്ചായത്തുകൾ ഡെപ്പോസിറ്റി ഇനത്തിൽ കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി, ഹൗസിംഗ് ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എത്രരൂപ വീതം മാറ്റി വച്ചുവെന്നും ഇവ ഓരോന്നും ഈ ഇനത്തിൽ 1999 ഡിസംബർ 31 വരെ എത്ര രൂപ വീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1997-98-ൽ 1025 കോടി രൂപയും 1998-99-ൽ 1116 കോടി രൂപയും 1999-2000-ൽ 1154.4 കോടി രൂപയും ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി നൽകിയിട്ടുണ്ട്. ഇതിൽ ഓരോ വർഷവും യഥാക്രമം 749 കോടി രൂപയും 950 കോടി രൂപയും 1020 കോടി രൂപയും ഗ്രാന്റായിട്ടാണ് നൽകിയിട്ടുള്ളത്. ചെലവാക്കിയ തുകയുടെ കണക്കുകൾ ശേഖരിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1998-99 സാമ്പത്തിക വർഷം 152 ബ്ലോക്ക് പഞ്ചായത്തുകളിൽ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ഹൗസിംഗ് ബോർഡ് എന്നിവിടങ്ങളിൽ മാറ്റി വച്ച തുക ഇനി പറയും പ്രകാരമാണ്.

കെ.എസ്.ഇ.ബി.	-	26875857 രൂപ
വാട്ടർ അതോറിറ്റി	-	9119177 രൂപ
ഹൗസിംഗ് ബോർഡ്	-	39724010 രൂപ

ഗ്രാമ പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ മാറ്റിവച്ച തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

104 (684) ത്രിതല പഞ്ചായത്തുകൾക്ക് ഫണ്ട്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം എന്തെല്ലാം ഉപാധിരഹിത ഫണ്ട് നൽകിയിട്ടുണ്ട്;

(ബി) ഈ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള കാലാവധി എത്ര പ്രാവശ്യം ദീർഘിപ്പിച്ചിട്ടുണ്ട്;

(സി) കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996-97-ലെ സംസ്ഥാന ബഡ്ജറ്റിൽ പഞ്ചായത്തുരാജ് സ്ഥാപനങ്ങൾക്ക് അനുവദിച്ച 143 കോടി രൂപയ്ക്ക് പുറമേ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 3.04 കോടി രൂപ കൂടി ഉപാധിരഹിത ഫണ്ട് ആയി അനുവദിച്ചിട്ടുണ്ട്.

(ബി) എട്ട്.

(സി) ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കെട്ടിടം നിർമ്മാണത്തിനാണ് കൂടുതൽ തുകയും അനുവദിച്ചിരിക്കുന്നത്. കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായ സാഹചര്യത്തിൽ ആണ് കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടിവന്നത്.

105 (685) ത്രിതല പഞ്ചായത്തുകൾക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം നീക്കിവച്ച തുക

ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം എന്തു തുക ഓരോ വർഷവും നീക്കിവച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly